കുടുംബശ്രീ

## സംഗ്രഹം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കാനായി **കെ.എസ്.എഫ്. ഇ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന "കെ എസ് എഫ് ഇ വിദ്യാശ്രീ"** പദ്ധതി നടത്തിപ്പ്- വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**സൂചന :**

1. 03/07/2020 ലെ സർക്കാർ ഉത്തരവ് നം. സ.ഉ.( കൈ) നം..61/2020/നി.വ
2. 07/07/2020 ലെ കെ.എസ്.എഫ്.ഇയുടെ 43/2020(BD) നമ്പർ സർക്കുലർ

**5580/M2-MF/2020/KSHO** **dated. 20/07/2020**

---

## സർക്കുലർ

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി സ്കൂളുകൾ തുറക്കാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാർ ഡിജിറ്റൽ മീഡിയ വഴി കുട്ടികൾക്ക് പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. എന്നാൽ നിലവിലെ സ്ഥിതിവിവരക്കണക്കനുസരിച്ച് 2.65 ലക്ഷം കുടുംബങ്ങളിൽ ഇതിനായുള്ള അടിസ്ഥാനസൗകര്യങ്ങളായ ടെലിവിഷൻ, സ്മാർട്ട് ഫോൺ, കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നിവയൊന്നും നിലവിലില്ല. കൂടാതെ കേരളത്തിലെ 10% ത്തിൽ താഴെ കുടുംബങ്ങളിൽ മാത്രമാണ് കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നീ സൗകര്യമുള്ളത്. സംസ്ഥാനത്താകെ 6 ഉം 17 നും ഇടയിൽ പ്രായമുള്ള 50 ലക്ഷത്തോളം കുട്ടികളാണുള്ളത്. ആയതിനാൽ കേരളത്തിലെ ആകെ കുടുംബങ്ങളുടെ 50% ത്തിൽ കൂടുതൽ കുടുംബങ്ങളെ പ്രതിനിധീകരിക്കുന്ന കുടുംബശ്രീ സംവിധാനത്തിൽ 25

ലക്ഷത്തോളം കുട്ടികളെങ്കിലും ഉൾപ്പെട്ടിട്ടുണ്ടാകും. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 75% ത്തിൽ കൂടുതൽ കുടുബങ്ങളും കുടുംബശ്രീ അംഗമായിരിക്കുന്ന സാഹചര്യത്തിൽ പഠനത്തിനായി ഒരു അടിസ്ഥാന സൗകര്യവും നിലവിലില്ലാത്ത കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഉറപ്പാക്കേണ്ടത് കുടുംബശ്രീയുടേയും ആവശ്യമാണ്.

കഴിഞ്ഞ നാല് മാസമായി കോവിഡ്-19 എന്ന മഹാമാരിയുടെ വ്യാപനം തടയുന്നതിന്റെ ഭാഗമായുള്ള ലോക്ക്ഡൗൺ കാരണം സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ദരിദ്രകുടുംബങ്ങൾക്ക് ലാപ്ടോപ്പ് പോലുള്ള പഠനോപകരണങ്ങൾ വാങ്ങാൻ പണം കണ്ടെത്തുക അസാധ്യമാണ്. ഈ സാഹചര്യത്തിൽ കെ.എസ്.എഫ്.ഇ വഴി അയൽക്കൂട്ടാംഗങ്ങൾക്ക് ലാപ്ടോപ്പ് ലഭ്യമാക്കാനായി ഒരു **സൂക്ഷ്മ സമ്പാദ്യ പദ്ധതി** യായ **"കെ എസ് എഫ് ഇ വിദ്യാശ്രീ പദ്ധതി"** എന്ന പേരിൽ ആരംഭിക്കാൻ സൂചനകൾ പ്രകാരം തീരുമാനിച്ചിട്ടുണ്ട്. **ഇത്തരത്തിൽ കെ.എസ്.എഫ്. ഇ യുമായി സഹകരിച്ച് മൈക്രോ ചിട്ടി ആരംഭിക്കുന്നതു വഴി അയൽക്കൂട്ടങ്ങൾക്ക് പുതിയ സമ്പാദ്യ പദ്ധതിയും വിദ്യാർത്ഥികൾക്കാവശ്യമായ പഠനസൗകര്യം ഒരുക്കുന്നതിനുള്ള ത്വരിത സാമ്പത്തിക സഹായവും ഉറപ്പാക്കാൻ കഴിയും.**

## 1. ആശയം: സൂക്ഷ്മ സമ്പാദ്യ പദ്ധതി

- പ്രതിമാസം 500 രൂപ വീതം 30 തവണ കൊണ്ട് അവസാനിക്കുന്ന 15000 രൂപ അടങ്കൽ തുക വരുന്ന പദ്ധതിയാണിത് .
- കുട്ടികളുടെ പഠനാവശ്യത്തിനായി ലാപ്ടോപ്പ് വാങ്ങാനുദ്ദേശിക്കുന്ന അയൽക്കൂട്ട അംഗങ്ങൾക്ക് പദ്ധതിയിൽ ചേർന്ന് മൂന്നാം മാസത്തിനുശേഷം 14250-രൂപ വരുന്ന പദ്ധതി പ്പണത്തിൽ നിന്നും ലാപ് ടോപ് വാങ്ങുന്നതിന് ആവശ്യമായ തുക, അംഗങ്ങൾക്ക് മുൻകൂറായി തന്നെ വകയിരുത്തി സംസ്ഥാന ഐ ടി വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലാപ്ടോപ്പ് ലഭ്യമാക്കും. ലാപ്ടോപ്പ് ഇത്തരത്തിൽ എംപാനൽ ചെയ്ത ഏജൻസിയിൽ നിന്ന് മാത്രമേ ലഭ്യമാക്കാൻ കഴിയു. അംഗങ്ങൾക്ക് മറ്റു ലാപ്ടോപ്പ് വാങ്ങുന്നതിനായി തുക ലഭ്യമാക്കാൻ കഴിയില്ല. ഇത്തരത്തിൽ വാങ്ങണമെന്നുള്ളവർക്ക് പദ്ധതി ആരംഭിച്ച് പതിമൂന്നാം മാസം മുതൽ പണം കൈപറ്റാവുന്നതാണ് .

പദ്ധതിത്തുകയിൽ ലാപ് ടോപ്പ് വാങ്ങിയ ശേഷമുള്ള തുക അതാത് ചിറ്റാളന്മാർക്ക് (ചിട്ടിയിൽ അംഗമാകുന്നവർക്ക്) പദ്ധതി തീരുന്ന മുറയ്ക്ക് ലഭിക്കും. (ഉദാ:-

സംസ്ഥാന ഐടി വകുപ്പ് എംപാനൽ ചെയ്യുന്ന സ്ഥാപനം നൽകുന്ന ലാപ്ടോപ്പ് 12900/-രൂപയാണെങ്കിൽ ബാക്കി തുകയായ 1350/-രൂപയും പലിശയും പദ്ധതി തീരുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്).

- ലാപ്ടോപ്പ് വാങ്ങാനല്ലെങ്കിലും ഒരു സൂക്ഷ്മ സമ്പാദ്യ പദ്ധതിയെന്ന നിലയിൽ ചേരാനാഗ്രഹിക്കുന്ന അയൽക്കൂട്ട അംഗങ്ങൾക്ക് പതിമൂന്നാം തവണക്ക് ശേഷം എപ്പോൾ വേണമെങ്കിലും പദ്ധതി തുക പണമായി നൽകും . ഈ തുകയ്ക്ക് കെ എസ് എഫ് ഇ യുടെ നിലവിലുള്ള നിക്ഷേപ പലിശയും ലഭിക്കും .

## 2. ഗുണഭോക്താവ് ആര്?

സി ഡി എസ്സിൽ അഫിലിയേറ്റ് ചെയ്ത ആറു മാസം പൂർത്തീകരിച്ച അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്ക് മാത്രമായിരിയ്ക്കും പ്രസ്തുത പദ്ധതിയിൽ ചേരാൻ സാധിക്കുന്നത് . ഇതുവരെ വായ്പാകുടിശ്ശിക വരുത്തിയിട്ടില്ലാത്ത പദ്ധതിയിൽ ചേരാൻ താത്പര്യമുള്ള എല്ലാ അയൽക്കൂട്ടാംഗങ്ങൾക്കും ലാപ്ടോപ്പ് ആവശ്യമില്ലാത്തവർ അടക്കം പദ്ധതിയിൽ അംഗമാകാം.

## 3. പദ്ധതിയുടെ സവിശേഷതകൾ

- **ചിട്ടി തുക, കാലാവധി, ,ഈ എം ഐ**പ്രതിമാസം 500 രൂപ വീതം 30 തവണ കൊണ്ട് അവസാനിക്കുന്ന 15000 രൂപ അടങ്കൽ തുകയുള്ള പദ്ധതിയാണിത് . ഒരു അയൽക്കൂട്ട അംഗത്തിന് ഇത്തരത്തിലെ ഒരു വിദ്യാശ്രീ പദ്ധതിയിൽ മാത്രമേ ചേരാൻ സാധിക്കൂ
- **<u>കൃത്യമായ തിരിച്ചടവിനായുള്ള പ്രചോദനം</u>** : തവണ സംഖ്യകൾ (EMIs) മുടക്കം കൂടാതെ അടയ്ക്കുന്ന അംഗങ്ങൾക്ക് തവണ സംഖ്യകളിൽ ഇളവുകൾ ലഭിക്കും . അതായത് 1 മുതൽ 9 വരെയുള്ള തവണസംഖ്യ മുടക്കം കൂടാതെ അടക്കുന്നവർക്ക് പത്താമത്തെ തവണ സംഖ്യയും , 1 മുതൽ 19 വരെയുള്ള തവണസംഖ്യ മുടക്കം കൂടാതെ അടക്കുന്നവർക്ക് ഇരുപതാമത്തെ തവണ സംഖ്യയും ഒഴിവാക്കി കൊടുക്കുന്നതാണ് . കൂടാതെ 1 മുതൽ 30 വരെയുള്ള തവണസംഖ്യ കൃത്യമായി അടക്കുന്നവരിൽ, ഇതേ തുടർന്ന് പുതുതായി ആരംഭിക്കുന്ന സമാനമായ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്നവർക്ക് ആദ്യ തവണ സംഖ്യയായി 500 രൂപ വരവ് വച്ച് കൊടുക്കുന്നതാണ് .

- **അയൽക്കൂട്ട കമ്മീഷൻ:** പദ്ധതി യിൽ ചേരുന്ന അയൽക്കൂട്ടങ്ങൾക്ക് ചിട്ടി അടവിന്റെ 2% കെ.എസ്.എഫ്.ഇ കമ്മീഷനായി നൽകും.
- **പലിശ:** കെ എസ് എഫ് ഇ വിദ്യാശ്രീ പദ്ധതി പ്രകാരം ലാപ്ടോപ്പ് വാങ്ങുന്നതിനു അനുവദിക്കുന്ന മുൻകൂർ തുകയ്ക്കുള്ള പലിശ സർക്കാരും കെ എസ് എഫ് ഇ യും വഹിക്കും .
- **പിഴ പലിശ :**മുടക്കം വരുത്തുന്ന തിരിച്ചടവ് തുകക്ക് മേൽ 12% പിഴപലിശ കെ എസ് എഫ് ഇ ഈടാക്കുന്നതാണ്
- **കമ്മീഷൻ കഴിച്ച് അംഗങ്ങൾക്ക് ലഭ്യമാകുന്ന ഏറ്റവും കുറഞ്ഞ തുക:** പ്രതിമാസം 500/ രൂപ വീതം 30 മാസം കൊണ്ട് അവസാനിക്കുന്ന 15000/ രൂപ അടങ്കൽ തുകയുള്ള പദ്ധതിയാണിത് (ആകെ ചിട്ടിതുക). ഇതിൽ 750 രൂപ, കമ്മീഷൻ കഴിച്ച് 14250 രൂപയാണ് പദ്ധതിയിൽ ചേരുന്ന അംഗങ്ങൾക്ക് ലഭിക്കുക . കെ എസ് എഫ് ഇ മായുള്ള കരാറിലേർപ്പെടുന്നതിനുള്ള സ്റ്റാമ്പ് നികുതി പദ്ധതിയിൽ ചേരുന്ന അംഗങ്ങൾ വഹിക്കേണ്ടിവരും.
- **ലാപ്ടോപ്പ് ആവശ്യമുള്ളവർക്ക്** പദ്ധതി **തുക ലഭ്യമാകുന്ന വിധം :**14250-രൂപ വരുന്ന ചിട്ടിപ്പണത്തിൽ നിന്നും ലാപ് ടോപ് വാങ്ങുന്നതിന് ആവശ്യമായ തുക, ആവശ്യപ്പെടുന്ന അംഗങ്ങൾക്ക് മുൻകൂറായി തന്നെ വകയിരുത്തി ലാപ്ടോപ്പ് ലഭ്യമാക്കും. പദ്ധതിത്തുകയിൽ ലാപ് ടോപ്പ് വാങ്ങിയ ശേഷമുള്ള തുക അതാത് ചിറ്റാളന്മാർക്ക് (ചിട്ടിയിൽ അംഗമാകുന്നവർക്ക്) പദ്ധതി തീരുന്ന മുറയ്ക്ക് ലഭിക്കും. (ഉദാ:- സംസ്ഥാന ഐടി വകുപ്പ് എംപാനൽ ചെയ്യുന്ന സ്ഥാപനം നൽകുന്ന ലാപ്ടോപ്പ് 12900/-രൂപയാണെങ്കിൽ ബാക്കി തുകയായ 1350/-രൂപയും പലിശയും പദ്ധതി തീരുന്ന മുറയ്ക്ക് ലഭിക്കുന്നതാണ്).
- **ലാപ്ടോപ്പ് ആവശ്യമില്ലാത്തവർക്ക് ചിട്ടി തുക ലഭ്യമാകുന്ന വിധം:** ലാപ്ടോപ്പ് ആവശ്യമില്ലാത്ത, ചിട്ടിയിൽ ചേരുന്ന അംഗങ്ങൾക്ക് 13 ാം തവണ മുതൽ ആവശ്യാനുസരണം ചിട്ടിത്തുക ലഭ്യമാക്കാം. ഈ തുകയ്ക്ക് ചിട്ടിത്തുകയുടെ മേൽ കാലാകാലങ്ങളിൽ നൽകിവരുന്ന നിക്ഷേപ പലിശ ലഭിക്കും (നിലവിൽ കെ എസ് എഫ് ഇ യുടെ നിക്ഷേപ പലിശ 7.5 % ആണ് . ഇത് കൂടാനോ കുറയാനോ സാധ്യതയുണ്ട്) .
- **ലാപ്ടോപ്പ് ലഭ്യമാക്കൽ** : വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന മാതൃകയിലുള്ള ലാപ്ടോപ്പ് ഐ ടി വകുപ്പ് എംപാനൽ ചെയ്ത ഏജൻസികൾ വഴി കെ എസ് എഫ് യിലൂടെ ലാപ്ടോപ്പിനായി ചിട്ടിയിൽ ചേരുന്ന അയൽക്കൂട്ട അംഗങ്ങൾക്ക്

ലഭ്യമാക്കും. ലാപ്ടോപ്പിനെ സംബന്ധിച്ച അതായത് അതിന്റെ സ്പെസിഫിക്കേഷനും, വാറന്റി, എംപാനൽ ചെയ്ത ഏജൻസികൾ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ ഉടൻ തന്നെ അറിയിക്കുന്നതായിരിക്കും

- **സബ്സിഡി ലഭ്യമാക്കൽ:** ലാപ്ടോപ്പ് ആവശ്യമായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എസ്. സി/എസ്.റ്റി, മറ്റു പിന്നോക്ക വിഭാഗം, ഫിഷറീസ് തുടങ്ങിയവയിൽ നിന്ന് സബ്സിഡി ലഭ്യമാക്കാനുള്ള സാധ്യത പരിശോധിച്ച് വരുന്നുണ്ട്. ഇത് സംബന്ധിച്ച വിശദ വിവരം ഉടൻ തന്നെ അറിയിക്കുന്നതായിരിക്കും.

## 4. പ്രവർത്തനരീതി

- **ഗുണഭോക്താക്കളെ കണ്ടെത്തൽ:** കുടുംബശ്രീ ജില്ലാ മിഷൻ കെ എസ് ഫ് ഇ വിദ്യാശ്രീ പദ്ധതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ സിഡിഎസ് , എ ഡി എസ് സംവിധാനങ്ങൾ വഴി അയൽക്കൂട്ടങ്ങളിൽ അറിയിക്കേണ്ടതാണ് . **ഓരോ അയൽക്കൂട്ടാവും ഡിജിറ്റൽ മീഡിയ വഴിയോ നേരിട്ടോ യോഗം ചേർന്ന് ചിട്ടിയിൽ ചേരാൻ താത്പര്യമുള്ള** അയൽക്കൂട്ടാംഗങ്ങളെ കണ്ടെത്തി കൃത്യമായ വായ്പാ തിരിച്ചടവ് നടത്തുന്നവരാണെന്ന് ഉറപ്പാക്കി **വിവരങ്ങൾ താഴെപറയുന്ന മാതൃകയിൽ ശേഖരിക്കേണ്ടതാണ്**.

| അയൽക്കൂട്ടത്തിന്റെ പേര് | ചിട്ടിയിൽ ചേരാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം | ലാപ്ടോപ്പ് ആവശ്യമുള്ളവരുടെ എണ്ണം | | | | | |
|---|---|---|---|---|---|---|---|
| | | **SC** | **ST** | **OBC** | **Coastal** | **Minority** | **Others** |
| | | | | | | | |

ഓരോ അയൽക്കൂട്ടവും ഈ ഡാറ്റ എ ഡി സീനും അതാത് എ ഡി എസ് ഇത് ക്രോഡീകരിച്ച് സി ഡി എസിനും നൽകേണ്ടതാണ് .

**ജില്ലാമിഷൻ സി.ഡി.എസിൽ നിന്നും ഈ ലിസ്റ്റ് ശേഖരിച്ച് ക്രോഡീകരിച്ച് സംസ്ഥാനമിഷന് സമർപ്പിക്കേണ്ടതാണ്.**

- **സി ഡി എസിനെ കെ എസ് എഫ് ഇ ശാഖയുമായി ബന്ധപ്പിക്കൽ** : ഓരോ ലോക്കൽ ബോഡിയെയും പ്രതിനിധീകരിച്ച് ഒരു കെ എസ് എഫ് ഇ ശാഖ മാപ്

ചെയ്തിട്ടുണ്ട് ( ലിസ്റ്റ് ഉള്ളടക്കം ചെയ്യുന്നു- **അനുബന്ധം 1**) . ഈ പട്ടിക അനുസരിച്ച് അതാത് കെ എസ് എഫ് ഇ ശാഖകളിൽ നിന്ന് സിഡി എസിനു വിദ്യാശ്രീ പദ്ധതിയുടെ അപേക്ഷഫോമുകൾ വാങ്ങാവുന്നതാണ് .

- **പദ്ധതി ചേരുന്നതിനാവശ്യമായ അപേക്ഷഫോറം ലഭ്യമാക്കൽ :** കെ എസ് ഫ് ഇ വിദ്യാശ്രീ പദ്ധതിയിൽ അപേക്ഷഫോറം **(അനുബന്ധം 2)** പദ്ധതിയിൽ ചേരാൻ താത്പര്യമുള്ള അയൽക്കൂട്ടങ്ങളുടെ/ അംഗങ്ങളുടെ എണ്ണത്തിനുസരിച്ച് സി.ഡി.എസ് കെ.എസ്.എഫ്.ഇ ബ്രാഞ്ചിൽ നിന്നും ശേഖരിച്ച് എ.ഡി.എസ് വഴി അയൽക്കൂട്ടങ്ങളിൽ എത്തിക്കേണ്ടതാണ്.
- **സുഗമ അക്കൗണ്ട് തുറക്കൽ :** കെ എസ് എഫ് ഇ പദ്ധതിയിൽ ചേരാൻ താത്പര്യമുള്ള അംഗങ്ങൾ ഉൾപ്പെട്ടിട്ടുള്ള അയൽക്കൂട്ടത്തിന്റെ പേരിൽ 100 രൂപ മിനിമം ബാലൻസുള്ള ഒരു സുഗമ അക്കൗണ്ട് (സേവിങ്സ് അക്കൗണ്ട് ) തുടങ്ങുകയും അംഗങ്ങളുടെ സംഖ്യ തുക അതിൽ അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യും.

- **അനുബന്ധ രേഖകൾ** : പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന ഓരോ അംഗവും കെ എസ് എഫ് ഇ വിതരണം ചെയ്ത **അപേക്ഷ ഫോമുകൾ (** പൂരിപ്പിച്ച് തങ്ങളുടെ **ആധാറിന്റെ പകർപ്പും** അയൽക്കൂട്ട ഭാരവാഹിയെയോ അയൽക്കൂട്ടം ഇതിനായി നിയോഗിക്കുന്ന്നവർക്കോ നൽകേണ്ടതാണ് . ഇത്തരത്തിൽ പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാ അംഗങ്ങളുടെയും,അപക്ഷ ഫോറവും, അനുബന്ധരേഖകളും അയൽക്കൂട്ട തലത്തിൽ ശേഖരിക്കേണ്ടതാണ് .

  അയൽക്കൂട്ടം അംഗങ്ങളുടെ പൂരിപ്പിച്ച അപേക്ഷ ഫോമുകൾ, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ കൂടാതെ വിദ്യാശ്രീ പദ്ധതിയിൽ ചേരാനുള്ള **അയൽക്കൂട്ട യോഗ തീരുമാനവും, അംഗങ്ങളുടെ അംഗത്വ സിർട്ടിഫിക്കറ്റും** , സുഗമ അക്കൗണ്ടിൽ ചേരുന്നതിനുള്ള 100 രൂപ ( ഈ തുക അംഗങ്ങളിൽ നിന്ന് പിരിച്ചോ അയൽക്കൂട്ട സമ്പാദ്യത്തിൽ നിന്നോ കണ്ടെത്തേണ്ടതാണ് ) സഹിതം എ ഡി എസിനെ ഏല്പിക്കേണ്ടതാണ്
- **അപേക്ഷ സമർപ്പിക്കൽ:** പൂരിപ്പിച്ച അപേക്ഷയും ഓരോ അയൽക്കൂട്ടത്തിൽ നിന്നും ശേഖരിച്ച 100 രൂപയും സഹിതം( പദ്ധതിയിൽ ചേരുന്ന 5 അയൽക്കൂട്ടങ്ങൾ ഒരു എ ഡി എസിൽ ഉണ്ടെങ്കിൽ 500 രൂപയും 5 അയൽക്കൂട്ടത്തിന്റെ പൂരിപ്പിച്ച അപേക്ഷ ഫോമുകളും സഹിതം) എ.ഡി.എസിന്റെ

ശുപാർശയോടെ സി.ഡി.എസിൽ എത്തിച്ച് സി.ഡി.എസ് അപേക്ഷ പരിശോധിച്ച് ശുപാർശ സഹിതം കെ.എസ്.എഫ്.ഇയുടെ അടുത്തുള്ള ശാഖയിൽ സമർപ്പിക്കുകയാണ് ചെയ്യേണ്ടത്.

- **സംഖ്യ തവണ തിരിച്ചടക്കൽ :** ഓരോ അയൽക്കൂട്ടവും എല്ലാ മാസവും നിശ്ചിത തീയതിക്ക് മുൻപ് അംഗങ്ങളിൽ നിന്നുള്ള സംഖ്യ തവണ ശേഖരിച്ച് അയൽക്കൂട്ടത്തിന്റെ സുഗമ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത് .ഈ അക്കൗണ്ടിൽനിന്ന് കെ എസ് എഫ് ഇ സംഖ്യ തവണ പിൻവലിക്കുകയാണ് ചെയ്യുക. അയൽക്കൂട്ട ബാങ്ക് അക്കൗണ്ടിൽ നിന്ന് സുഗമ അക്കൗണ്ടിലേക്ക് ഡിജിറ്റൽ പയ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ കെ എസ് എഫ് ഇ ശ്രമിക്കുന്നുണ്ട് . ഇല്ലെങ്കിൽ അയൽക്കൂട്ടങ്ങൾ നേരിട്ട് ഈ തുക കെ എസ് എഫ് ഇ ശാഖകളിൽ അടക്കേണ്ടതായി വരും

- **അയൽക്കൂട്ട കമ്മീഷൻ ലഭ്യമാക്കൽ :** ചിട്ടിയിൽ ചേരുന്ന അയൽക്കൂട്ടങ്ങൾക്കു തിരിച്ചടവിന്മേൽ ലഭ്യമാക്കേണ്ട കമ്മീഷനും കെ എസ് എഫ് ഇ അയൽക്കൂട്ടത്തിന്റെ സുഗമ അക്കൗണ്ടിലേക്കായിരിക്കും ലഭ്യമാക്കുക
- **ജാമ്യ വ്യവസ്ഥ** : കെ എസ് എഫ് ഐ വിദ്യാശ്രീ പദ്ധതിക്കായി പ്രകതരം ജാമ്യ വ്യവസ്ഥകളാണ് നടപ്പിലാക്കിയിട്ടുള്ളത് . പദ്ധതിയിൽ ചേരുന്ന അംഗവും അയൽക്കൂട്ടം മൊത്തത്തിലും തവണ തിരിച്ചടക്കുന്നതിൽ ഉത്തരവാദിത്വപ്പെട്ടിരിക്കും . ഇതിനായി അയൽക്കൂട്ട അംഗവും , അയൽക്കൂട്ടവും കെ എസ് എഫ് ഇ യുമായി ഒരു കരാറിൽ ഏർപ്പെടും . തിരിച്ചടവ് സംബന്ധിച്ച ഉറപ്പുവരുത്തൽ നടത്തുന്നത് കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിൽ നിക്ഷിപ്തമായിരിക്കും.
- **മോണിറ്ററിങ്** : പദ്ധതിയുടെ ആരംഭം മുതൽ അർഹരായ എല്ലാ അയൽക്കൂട്ടങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുവരെ പദ്ധതി പുരോഗതി എല്ലാ ദിവസവും മോണിറ്റർ ചെയ്യേതാണ്.. ഇതിനുശേഷം സമയാസമയങ്ങളിൽ അംഗങ്ങൾക്കുള്ള ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും അയൽക്കൂട്ടം കൃത്യമായും സംഖ്യ തവണ തിരിച്ചടക്കുന്നുണ്ടെന്നു ഉറപ്പുവരുത്തുകയും വേണം .

## 5. പദ്ധതിയിൽ പങ്കാളിയാകുന്നവരുടെ ഉത്തരവാദിത്തങ്ങൾ

**a. അപേക്ഷക:**

- പദ്ധതിയിൽ ചേരാനാവശ്യമുള്ള അപേക്ഷ ഫോറവും അനുബന്ധരേഖകളും സഖ്യ തവണയും സമയബന്ധിതമായി അയൽക്കൂട്ടത്തിൽ എത്തിക്കണം .
- സഖ്യ തവണ മുടക്കം കൂടാതെ അടക്കണം

**b. അയൽക്കൂട്ടം**

- പദ്ധതിയിൽ ചേരാനാഗ്രഹമുള്ള വായ്പ തിരിച്ചടവിൽ ഇതുവരെ വീഴ്ച വരുത്തിയിട്ടില്ലാത്ത അംഗങ്ങളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് മറ്റു അനുബന്ധ രേഖകളും സഖ്യതവണയും സ്വീകരിച്ച് , എ ഡി എസ് , സി ഡി എസ് ശുപാർശയോടുകൂടി പദ്ധതിയിൽ ചേരുക
- എല്ലാ മാസവും നിശ്ചിത തീയതിക്കുമുന്പായി പദ്ധതിയിൽ ചേർന്ന അംഗങ്ങളിൽനിന്നു സംഖ്യ തവണ ശേഖരിച്ച് അയൽക്കൂട്ട സുഗമ അക്കൗണ്ടിൽ നിക്ഷേപിക്കുക .
- കെ എസ് എഫ് ഇ പ്രഖ്യാപിച്ചിട്ടുള്ള ഇളവുകളും അയൽക്കൂട്ട കമ്മീഷനും ലഭിക്കുന്നെണ്ടെന്നു ഉറപ്പുവരുത്തുക
- അയൽക്കൂട്ട അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ അതായത് ലാപ്ടോപ്പ് വാങ്ങാനുദ്ദേശിക്കുന്നവർക്ക് ലാപ്ടോപ്പ് , പണമായി കൈപ്പറ്റാൻ ആഗ്രഹിക്കുന്നവർക്ക് പണം എന്നിവ കെ എസ് എഫ് ഇ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക .
- പദ്ധതിയുടെ സുഗമമായ നടത്തിനാവശ്യമായ വിവരങ്ങൾ എ ഡി സിനു കൈമാറുക

**c. എ ഡി എസ്**

- പദ്ധതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ അയൽക്കൂട്ടങ്ങൾക്ക് കൈമാറുക

- പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന അയൽക്കൂട്ടങ്ങളുടെ വിവരങ്ങൾ സി ഡി എസിനു നിശ്ചിത മാതൃകയിൽ കൈമാറുക
- അതാത് സി ഡി എസിൽനിന്നും അപേക്ഷ ഫോറങ്ങൾ അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുക.
- അയൽക്കൂട്ടങ്ങളിൽനിന്നു പൂരിപ്പിച്ച അപേക്ഷ ഫോറവും അനുബന്ധരേഖയും എ ഡി എസ് ശുപാർശയും സഹിതം സി ഡി എസിൽ എത്തിക്കുക
- പദ്ധതിപുരോഗതി വിലയിരുത്തി അയൽക്കൂട്ടങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും , പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ദിനം പ്രതി ശേഖരിച്ചു സി ഡി എസ്സിന് കൈമാറുകയും വേണം
- ഏതെങ്കിലും സാഹചര്യത്തിൽ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട അയൽക്കൂട്ട യോഗത്തിൽ പങ്കെടുത്ത് പ്രശ്ന പരിഹാരം ഉറപ്പാക്കുന്നു.. വിവരങ്ങൾ യഥാസമയം സി ഡി എസിന് കൈമാറുന്നു.

**d.** സി ഡി എസ്

- പദ്ധതിയെസംബന്ധിച്ച വിവരങ്ങൾ എ ഡി സ് വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുക
- എ ഡി എസിൽനിന്നു പദ്ധതിയിൽ ചേരാൻ താത്പര്യമുള്ള അയൽക്കൂട്ട വിവരങ്ങൾ ശേഖരിച്ച് ജില്ലാ മിഷന് നൽകുക
- പദ്ധതിയിൽ ചേരുന്നതിനാവശ്യമായ അപേക്ഷ ഫോറം അതാത് കെ എസ് എഫ് ഇ ശാഖകളിൽനിന്നു ശേഖരിച്ച് എ ഡി എസുകൾ വഴി അയൽക്കൂട്ടത്തിനു ലഭ്യമാക്കുക
- പൂരിപ്പിച്ച അപേക്ഷ ഫോമുകളും അനുബന്ധരേഖകളും കെ എസ് എഫ് ഇ ശാഖകളിൽ എത്തിക്കുകയും താത്പര്യമുള്ള അയൽക്കൂട്ടങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയെന്നു ഉറപ്പുവരുത്തുകയും ചെയ്യുക
- തിരിച്ചടവ് കൃത്യമായി നിരീക്ഷിക്കുന്നു.
- തിരിച്ചടവ് സ്റ്റേറ്റ്മെന്റ് എം ഐ എസിൽ നാളിതീകരിക്കുന്നു.

- പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ വിവരങ്ങൾ എല്ലാ ദിവസവും (ജില്ലാ മിഷൻ ആവശ്യപ്പെടുന്നതുവരെ) അതാതു ദിവസം ഉച്ചക്ക് രു മണിക്ക് മുൻപ് ജില്ലാ മിഷനു കൈമാറുന്നു.
- പദ്ധതിയുടെ ഓഫീസ് സംബന്ധമായ എല്ലാ പ്രവർത്തനങ്ങളുടെയും ഉത്തരവാദിത്തം സി ഡി എസ് അക്കൗണ്ടിനായിരിക്കും.

**e. ജില്ലാ മിഷൻ**

- പദ്ധതിക്കാവശ്യമായ പ്രചരണം കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനം വഴി നൽകുന്നു.
- പദ്ധതിനടപ്പിലാക്കുന്നതിനാവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- കെ എസ് എഫ് ഇ ഉദ്യോഗസ്ഥരുടെ/ഭാരവാഹികളുമായി ചർച്ച ചെയ്തുപദ്ധതിയുടെ സുഗമമായ നടത്തിപ്പ് ഉറപ്പാക്കുന്നു.
- പദ്ധതി നടത്തിപ്പിനാവശ്യമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നു .ബ്ലോക്ക് കോ ഓർഡിനേറ്റർമാർക്ക് സി ഡി എസുകളുടെ ചുമതല നൽകുന്നു.
- തിരിച്ചടവ് കൃത്യമായി നിരിക്ഷിക്കുന്നു.

**f. സംസ്ഥാന മിഷൻ**

- പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കുക
- ആവശ്യമെങ്കിൽ തുടർമാർഗ്ഗ നിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- പദ്ധതിയുടെ പ്രവർത്തന പുരോഗതി ദൈനംദിനം വിലയിരുത്തുക.

- പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോഘട്ടത്തിലെയും പ്രതിസന്ധികൾ തരണം ചെയ്യുന്നതിനാവശ്യനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ വിലയിരുത്തലും നിരീക്ഷണവും ഉറപ്പാക്കുക.

## 5. പദ്ധതി നടപ്പാക്കാനുള്ള സമയക്രമം

| വിശദാംശം | പൂർത്തീകരിക്കേണ്ട തീയതി |
|---|---|
| പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന അയൽക്കൂട്ട/അയൽക്കൂട്ട അംഗങ്ങളുടെ വിവര ശേഖരണം | 27-07-2020 |
| കെ എസ് എഫ് ഇ ശാഖകളിനിന്നു അപേക്ഷ ഫോറം അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുക | 07-08-2020 |
| പൂരിപ്പിച്ച അപേക്ഷ ഫോമുകൾ കെ എസ് എഫ് ഇ ശാഖകളിൽ സമർപ്പിക്കുക | 27-08-2020 |
| റീപേയ്മെന്റ് മോണിറ്ററിംഗ് | എല്ലാ മാസവും |

ഒപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ